**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 826** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൽ ജീവൻ മിഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** നിയമസഭയിൽ അവതരിപ്പിച്ച ധവള പത്രത്തിൽ സാമ്പത്തിക പ്രയാസം നേരിടുന്ന വകുപ്പായി ജലവിഭവ വകുപ്പിനെ പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിന് ജലവിഭവ വകുപ്പിൽ സ്വകാര്യ നിക്ഷേപം കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ജലവിഭവ വകുപ്പിൽ സ്വകാര്യ നിക്ഷേപം കൊണ്ടുവരുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ബി)** ഷൊർണ്ണൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നല്കുന്നതിന് ലക്ഷ്യമിട്ട ഗാർഹിക കണക്ഷനുകളിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ നല്കിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിവരങ്ങൾ **<u>അനുബന്ധമായി</u>** ചേർക്കുന്നു.

**(സി)** ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ജൽ ജീവൻ മിഷൻ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്നത് വിശദമാക്കാമോ?

**<u>മറുപടി:</u>** ഷൊർണ്ണൂർ മണ്ഡലത്തിൽ നെല്ലായ വാണിയംകുളം, അനങ്ങനടി, ചളവറ, തൃക്കടേരി എന്നീ പഞ്ചായത്തുകളിലാണ് ജൽ ജീവൻ മിഷൻ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ളത്.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിലെ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| അനങ്ങനടി | 5167 | 1044 | 4223 | 5942.17 | 1765 | 2809 | 2358 |
| ചളവറ | 5412 | 1150 | 5412 | 8095.67 | 0 | 1150 | 4262 |
| നെല്ലായ | 6735 | 1126 | 7439 | 2348.00 | 6411 | 7537 | |
| തൃക്കടേരി | 6229 | 132 | 6229 | 6793.14 | 1 | 133 | 6096 |
| വാണിയംകുളം | 7762 | 224 | 7541 | 4767.00 | 3052 | 3276 | 4486 |
| വെള്ളിനേഴി | 4680 | 2465 | 2576 | 997.37 | 2468 | 4933 | 0 |
| **ആകെ** | **35985** | **6141** | **33420** | **28943.35** | **13697** | **19838** | **17202** |